"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ്- തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലേയ്ക്ക് ശ്രീ.ആന്റണി രാജു എം.എൽ.എയുടെ 2024-25 ആസ്തി വികസന ഫണ്ട് ഉപയോഗിച്ചു ബസ് വാങ്ങുന്നതിനുള്ള തുക ബന്ധപ്പെട്ട വാഹനനിർമ്മാതാവിന് /ഡീലർക്ക് അനുവദിക്കുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.165/2025/AYUSH തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23.01.2025 ലെ ഉത്തരവ് നം. എം.1-240/25 നമ്പർ നടപടിക്രമം
2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2025 ലെ G2/1022/2023/ഡിഎംഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നിയോജക മണ്ഡലം എം.എൽ.എ ശ്രീ.ആന്റണി രാജു അവർകളുടെ 2024-25 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിനായി 26,66,712/-രൂപ (ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി ആറായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) ചെലവിൽ കോളേജ് ബസ് വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ ഭരണാനുമതി നൽകി നടപടിക്രമം പുറപ്പെടുവിച്ചിരുന്നു . തുടർന്ന് GeM Portal മുഖേന ടാറ്റാ മോട്ടേഴ്സ് എന്ന സ്ഥാപനത്തിന് 45 സീറ്റ് ബസ് വാങ്ങുന്നതിനുള്ള വിതരണ ഉത്തരവ് നൽകിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത ബസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നിയോജകമണ്ഡലം 2024-25 ലെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലേയ്ക്ക് 45 സീറ്റ് ബസ് വാങ്ങുന്നതിന് 26,66,712/- (ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി ആറായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപ 4210-02-800-93-00 Project Under LAC ADS -Other Projects (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വാഹന നിർമ്മാതാവ് /ഡീലറിൽ നിന്നും ലഭ്യമാകുന്ന Invoice പ്രകാരം വാഹനത്തിന്റെ വിലയും നികുതികളും ഉൾപ്പെടെയുള്ള തുക ,ബന്ധപ്പെട്ട വാഹന നിർമ്മാതാവിന് /ഡീലർക്ക് മുൻകൂർ ആയി തുക ആവശ്യമുണ്ടെങ്കിൽ ,മുൻകൂർ തുക അനുവദിക്കുന്നതിനുള്ള നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ച് പ്രസ്തുത തുക ആകെ തുക ഭരണാനുമതി തുകയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തി, മുൻകൂറായി തുക ബന്ധപ്പെട്ട

വാഹനനിർമ്മാതാവിന്/ഡീലർക്ക് അനുവദിക്കുന്നതിന് തിരുവനന്തപുരം ആയുർവേദ കോളേജ് പ്രിൻസിപ്പൽക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

ജില്ലാ കളക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ , ഗവ. ആയുർവേദ കോളേജ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള , തിരുവനന്തപുരം

ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ് - 25.03.2025 ലെ U.O(F) 3099242/NC-B2/28/2025-FIN

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Baiju G**
**Date: 27-03-2025 21:24:31**

സെക്ഷൻ ഓഫീസർ